പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 435 19.10.2011 -ൽ മറുപടിയ്ക്ക്

## ഇറച്ചിക്കോഴി കർഷകരെ രക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.മാത്യു .റ്റി.തോമസ്<br>ശ്രീമതി.ജമീലാ പ്രകാശം | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഇറച്ചിക്കോഴി കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) അന്യ സംസ്ഥാനത്തെ ആശ്രയിച്ച് കോഴിക്കൃഷി നടത്തുന്ന കേരളത്തിലെ കർഷകരെ രക്ഷിക്കുന്നതിനായി കേരള പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ വഴി സംസ്ഥാനത്തിന് ആവശ്യമായ കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കാനും ഫീഡ് നിർമ്മിക്കാനും നടപടി സ്വീകരിക്കുമോ; | ബി) നടപടി സ്വീകരിച്ചു വരുന്നു. |
| സി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | സി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) ഉത്പാദന ചെലവ് കുറവായ തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്യുന്ന കോഴിക്ക് ഈടാക്കുന്ന നികുതി എത്രയെന്നും കേരളത്തിൽ കർഷകർ നൽകേണ്ടിവരുന്ന നികുതി എത്രയെന്നും വ്യക്തമാക്കാമോ? | ഡി) തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്യുന്ന കോഴിക്ക് 12.5% നികുതിയും, 1% വിദ്യാഭ്യാസ സെസ്സും നൽകണം. കേരളത്തിൽ 10 ലക്ഷം രൂപ വരെ വിറ്റുവരവുള്ള കർഷകരെ വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 10 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള കർഷകർക്ക്12.5% നികുതിയും 1% വിദ്യാഭ്യാസ സെസ്സും ഇപ്പോൾ നിലവിലുണ്ട്. |

Seela

സെക്ഷൻ ഓഫീസർ

## അനുബന്ധം

തിരുവനന്തപുരം കുടപ്പനക്കുന്നിലുള്ള സംസ്ഥാനത്തെ ഏക ബ്രോയിലർ ബ്രീഡിംഗ് ഫാം നവീകരിച്ച് കേജ് സംവിധാനങ്ങളോടെയുള്ള ഒരു ഹൈടെക് ഫാമാക്കി മാറ്റി. ഇന്ന് ഈ ഫാമിൽ നിന്ന് ഒരു ലക്ഷത്തോളം ഗുണമേന്മയും, ഉയർന്ന രോഗ പ്രതിരോധ ശേഷിയുമുള്ള ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് മിതമായ നിരക്കിൽ കർഷകർക്ക് നൽകി വരുന്നു.

കുടപ്പനക്കുന്ന് ഫാമിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഇറച്ചിക്കോഴി കുഞ്ഞുങ്ങളേയും ,തീറ്റയും, കർഷകർക്കു സൗജന്യമായി നൽകി വളർത്തി തിരികെ കോർപ്പറേഷൻ തന്നെ വാങ്ങുന്ന ഇന്റഗ്രേഷൻ സംവിധാനം ശക്തിപ്പെടുത്തി. ഇത്തരത്തിൽ വളർത്തുന്ന കോഴികളെ കോർപ്പറേഷന്റെ കീഴിൽ തിരുവനന്തപുരത്തു പേട്ടയിൽ പ്രവർത്തിക്കുന്ന ഇറച്ചി സംസ്കരണ ശാലയിൽ ശാസ്ത്രീയമായി സംസ്ക്കരിച്ച് കെപ്കോ ചിക്കൻ ആയി ഉപഭോക്താക്കൾക്ക് നൽകി വരുന്നു.

പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ഇരുപത്തിയൊൻപതോളം ബ്രോയിലർ ഇന്റഗ്രേഷൻ ഫാമുകളിൽ ഏകദേശം 1.7 ലക്ഷം ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെ വളർത്തുവാനുള്ള സൗകര്യം നിലവിലുണ്ട്.

കേരളത്തിലെ കോഴിവളർത്തൽ കർഷകരെ ഈ രംഗത്തേക്ക് തിരിച്ചു കൊണ്ടു വരാനും ഇന്റഗ്രേഷൻ ഫാം തുടങ്ങിക്കുന്നതിനും കോർപ്പറേഷൻ ആവശ്യമായ പ്രോത്സാഹനം നൽകുന്നു.കെപ്കോ ഏജൻസികൾ കൂടുതലായി ആരംഭിച്ചിട്ടുണ്ട്.

ഇതിനുപുറമേ ഇറച്ചിക്കോഴി വളർത്തൽ രംഗത്തേക്ക് വരാൻ താത്പര്യമുള്ളവരെ സഹായിക്കുന്നതിനു വേണ്ടി കെപ്കോയുടെ ആസ്ഥാനമായ പേട്ടയിൽ ഒരു കർഷക സഹായ കേന്ദ്രം പ്രവർത്തിക്കുന്നു. ഇവിടെ നിന്നും കർഷകർക്ക് ആവശ്യമായ സാങ്കേതിക ഉപദേശവും മാർഗ്ഗ നിർദ്ദേശങ്ങളും ലഭിക്കുന്നു. കൂടാതെ കെപ്കോ ന്യായവില മെഡിക്കൽ ഷോപ്പിൽ നിന്നും കുറഞ്ഞ നിരക്കിൽ മരുന്നും വാക്സിനുകളും കർഷകർക്ക് ലഭ്യമാണ്.

കൊട്ടിയത്തും കുടപ്പനക്കുന്നിലും കെപ്കോ തീറ്റ നിർമ്മാണ ഫാക്ടറി ആരംഭിച്ചിട്ടുണ്ട്. കോഴിത്തീറ്റ കുറഞ്ഞ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാനായി മാളയിൽ ആധുനിക രീതിയിലുള്ള തീറ്റ നിർമ്മാണ കേന്ദ്രത്തിന്റെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഏഴു കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ഈ കേന്ദ്രം ഒരു മണിക്കൂറിൽ 6-8 ടൺ പെല്ലറ്റ് രൂപത്തിലുള്ള തീറ്റ ഉല്പാദിപ്പിക്കാൻ ശേഷിയുള്ളതാണ്. ഈ സ്ഥാപനം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതോടു കൂടി കുറഞ്ഞ നിരക്കിൽ കർഷകർക്ക് തീറ്റ ലഭ്യമാക്കാൻ കഴിയും.

Seele

സെക്ഷൻ ഓഫീസർ